(സി,ഡി,ഇ&എഫ്) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ (II), (III), (IV), (VII)എന്നിവ അതേപടിയും മറ്റുള്ളവ ഭേദഗതികളോടെയും സർക്കാർ അംഗീകരിച്ച് 27-5-2000 ലെ ജി.ഒ.(പി.)36/2000/എസ്.സി-എസ്.റ്റി ഡി.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

റേഷൻ കടകളിലൂടെ മാവേലി സ്റ്റോർ സാധനങ്ങളും വില്ക്കാൻ നടപടി

20 (*20) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സാധനങ്ങളുടെ വില വർദ്ധപ്പിച്ചതിനാൽ റേഷൻഷോപ്പുകളിൽ അരിയും മറ്റു റേഷൻ സാധനങ്ങളും വില്പന നടക്കാതിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റേഷൻ ഷോപ്പുകാരെ പുനരധിവസിപ്പിക്കുന്നതിനു റേഷൻ കടകളെ മാവേലി സ്റ്റോറിന്റെ ഫ്രാഞ്ചൈസികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇപ്രകാരം ഫ്രാഞ്ചൈസികളാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) കേന്ദ്ര ഗവൺമെന്റ് റേഷൻ അരിയുടെ വില കുത്തനെ വർദ്ധിപ്പിച്ചതിനെതുടർന്ന് റേഷൻ അരി വാങ്ങുന്നത് ആകർഷകമല്ലാതെ വന്നതിനാൽ ഓഫ്ടേക്ക് ഗണ്യമായി കുറഞ്ഞു പോയിട്ടുണ്ട് എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംസ്ഥാനത്തെ പൊതു വിതരണത്തെ തകർക്കാതിരിക്കുവാനായി, സംസ്ഥാന ഗവൺമെന്റ് സബ്സിഡി നല്കി വരുന്നുണ്ട്.

(ബി) ഇല്ല. ഇപ്പോൾ തന്നെ രണ്ടായിരത്തിൽപരം തെരഞ്ഞെടുക്കപ്പെട്ട റേഷൻ ഷോപ്പുകളിലൂടെ പലവ്യജ്ഞനവും പയറുവർഗ്ഗങ്ങളും മറ്റും വിതരണം ചെയ്തുവരുന്നുണ്ട്. ഇതിനുള്ള സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനാണ് നല്കി വരുന്നത്. റേഷൻ ഷോപ്പുകാർ തയാറുള്ള പക്ഷം ഇത് കൂടുതൽ റേഷൻ കടകളിലേക്ക് വ്യാപിപ്പിക്കുവാൻ തയ്യാറാണെന്ന് അവരുടെ പ്രതിനിധികളെ അറിയിച്ചിട്ടുണ്ട്. റേഷൻ സാധനങ്ങൾ ഒഴികെയുള്ള മറ്റു അവശ്യ സാധനങ്ങളും റേഷൻ ഷോപ്പുകാർക്ക് വില്ക്കാവുന്നതാണെന്നും വ്യക്തമാക്കിക്കൊണ്ട് 6-6-2000-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) തല്ക്കാലം ഇല്ല.

പഞ്ചസാര വാങ്ങിയതിലെ ക്രമക്കേടുകൾ

21 (*21) ശ്രീ. ഇ. എം. അഗസ്തി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly